Std. 5 - Chapter 14 - Revision - Main points

## പാഠം 14: ഇസ്രായിലിലെ പ്രവാചകന്മാർ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | (1) പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് എന്തിനുവേണ്ടിയായിരുന്നു? | **ദൈവത്തെ മറന്നു പ്രവർത്തിക്കാൻ തുടങ്ങിയ ഇസ്രായേൽക്കാരെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരാൻ നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ.** |
| 2 | പ്രവാചകൻ എന്ന വാക്കിന്റെ സാധാരണ അർത്ഥം എന്താണ്? | **ദൈവത്തിനു വേണ്ടി സംസാരിക്കുന്ന വ്യക്തി** |
| 3 | (2) ഓരോ പ്രവാചകനും ഇസ്രായേൽജനത്തെ ദൈവവഴിയിലൂടെ നയിച്ചതെങ്ങനെ? | **പ്രവാചകന്മാർ ഇസ്രായേലിന്റെ തെറ്റുകൾ അവരെ ബോധ്യപ്പെടുത്തി, കഠിനമായി അവരെ കുറ്റപ്പെടുത്തി, പശ്ചാത്തപിച്ചില്ലെങ്കിൽ ശിക്ഷിക്കപ്പെടും എന്ന മുന്നറിയിപ്പും നൽകി. ഹൃദയപരിവർത്തനം നടത്തി നന്മയുടെ വഴിയിലേക്ക് തിരിച്ചുവരാനുള്ള ആഹ്വാനമാണ് അവർ ജനത്തിന് നൽകിയത്.** |
| 4 | പഴയനിയമത്തിൽ പേരുകളിലുള്ള ഗ്രന്ഥങ്ങൾ ഉള്ളവയും **വലിയ പ്രവാചകരെന്ന്** അറിയപ്പെടുന്നവരുമായവർ ആരെല്ലാം? | **ഏശയ്യാ, ജറെമിയ, എസെക്കിയേൽ, ദാനിയേൽ എന്നീ പ്രവാചകന്മാർ.** |
| 5 | പഴയനിയമത്തിൽ പേരുകളിലുള്ള ഗ്രന്ഥങ്ങൾ ഉള്ളവയും **ചെറിയ പ്രവാചകരെന്ന്** അറിയപ്പെടുന്നവരുമായവർ ആരെല്ലാം? | **ഹോസിയ, ജോയേൽ, ആമോസ്, ഒബാദിയാ, യോനാ, മിക്കാ, നാഹും, ഹബേക്കുക്ക്, സെഫാനിയാ, ഹഗ്ഗായി, സഖറിയാ, മലാക്കി** |
| 6 | വലിയ പ്രവാചകരും, പുസ്തകങ്ങളുടെ പേരിൽ അറിയപ്പെടാത്തവരുമായ പ്രവാചകരിൽ പ്രധാനികൾ | **ഏലിയാ, ഏലീഷാ എന്നിവർ.** (ഇവരുടെ പ്രവർത്തനങ്ങൾ രാജാക്കന്മാരുടെ പുസ്തകങ്ങളിലാണ് കാണുന്നത്.) |
| 7 | ഇസ്രായേൽ ഭരിച്ച രാജാക്കന്മാരിൽ വളരെയേറെ തിന്മ പ്രവർത്തിച്ച അഹാബ് രാജാവിന്റെ കാലത്ത് അനുതപിച്ച് കർത്താവായ ദൈവത്തിങ്കലേയ്ക്ക് തിരികെ വരാൻ ഉദ്ബോധിപ്പിച്ച പ്രവാചകൻ? | **ഏലിയാ** |
| 8 | ഇസ്രയേൽ ജനത്തെ സത്യദൈവവിശ്വാസത്തിൽ ഉറപ്പിക്കാൻ പ്രവർത്തിച്ച പ്രവാചകനായ ഏലിയാ കാർമൽമലയിൽവച്ച് ബലിയർപ്പിച്ചപ്പോൾ ദൈവം പ്രാർത്ഥന കേട്ടു, ഉടനെ അഗ്നിയിറങ്ങി, ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കുകയും ചെയ്തു. ഇതുകണ്ട ജനം സാഷ്ടാംഗം വീണ് വിളിച്ചുപറഞ്ഞത് എന്ത്? | **കർത്താവുതന്നെ ദൈവം! കർത്താവു തന്നെ ദൈവം!** (1 രാജാക്കന്മാർ 18:39) |
| 9 | ഏലിയാ പ്രവാചകനുശേഷം തൽസ്ഥാനത്ത് പ്രവർത്തിക്കുകയും, കഷ്ടപ്പെടുന്നവരോടുള്ള ദൈവത്തിന്റെ സ്നേഹം പ്രകടിപ്പിക്കുകയും, യേശു പ്രവർത്തിച്ചതുപോലുള്ള അത്ഭുത പ്രവൃത്തികൾ ചെയ്തതുമായ പ്രവാചകൻ ആരാണ്? | **ഏലീഷാ** |
| 10 | ജറുസലേം സ്വദേശിയായ പ്രവാചകൻ? ദൈവത്തിന്റെ പരമപരിശുദ്ധിയെക്കുറിച്ചുള്ള അനുഭവം ലഭിച്ച പ്രവാചകൻ? | **ഏശയ്യാ** |
| 11 | വിശുദ്ധീകരിക്കുന്ന അഗ്നികൊണ്ട് ആരുടെ നാവിനെയാണ് ദൈവം പരിശുദ്ധമാക്കിയത്? | **ഏശയ്യാ പ്രവാചകന്റെ** |
| 12 | ലോകത്തെ മുഴുവൻ സമുദ്ധരിക്കാൻ കഴിവുള്ള രക്ഷകന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനം നടത്തിയ പ്രവാചകൻ? | **ഏശയ്യാ പ്രവാചകൻ** |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 13 | പാപത്തിൽ മുഴുകിയ ഇസ്രായേൽജനത്തിന് സംഭവിക്കാൻ പോകുന്ന അടിമത്തത്തെക്കുറിച്ച് മുന്നറിയിപ്പു നൽകാൻ ദൈവം നിയോഗിച്ച പ്രവാചകൻ? | ജറെമിയാ |
| 14 | ''ഇതാ എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും ഇടിച്ചുതകർക്കാനും.... പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ... ഞാൻ നിന്നെ അവരോധിച്ചിരിക്കുന്നു.''(ജറെമിയാ 1:9). തന്റെ സന്ദേശം ജനത്തെ അറിയിക്കുന്നതിനായി കർത്താവ് വിളിച്ച് വിശുദ്ധീകരിച്ച് ശക്തിപ്പെടുത്തി, അയച്ച ബാലൻ ആരാണ്? | ജറെമിയാ പ്രവാചകൻ |
| 15 | പുറമെ ദൈവഭക്തിയും അകമെ കാപട്യവും വഞ്ചനയും നിറഞ്ഞ അവസ്ഥയെ ദൈവം വെറുക്കുന്നതായി അറിയിച്ച പ്രവാചകൻ ആരാണ്? | ജറെമിയാ |
| 16 | ബാബിലോൺ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ജനത്തെ പ്രത്യാശയിലേക്ക് നയിച്ച പ്രവാചകൻ ആരാണ്? | എസക്കിയേൽ |
| 17 | പ്രവചനങ്ങൾ, പ്രതീകങ്ങൾ, ഉപമകൾ, അടയാളങ്ങൾ എന്നിവവഴി ജനങ്ങളെ പഠിപ്പിച്ച പ്രവാചകൻ ആരാണ്? | എസക്കിയേൽ |
| 18 | (3) എസക്കിയേൽ പ്രവാചകൻ നൽകിയ പ്രത്യാശയുടെ സന്ദേശങ്ങൾ ഏവ? | ഒരു പുതിയ സമൂഹമായി ഇസ്രായേൽ വളരും, യഥാർത്ഥ ഇടയൻ അവരെ നയിക്കാനെത്തും, ദൈവത്തിന്റെ ആത്മാവ് ഇസ്രായേലിന് നവജീവൻ നൽകും. പുതിയ ദൈവാലയം നിർമ്മിക്കപ്പെടും ദൈവമഹത്വം തിരികെവരും എന്നിങ്ങനെ പ്രത്യാശയുടെ സന്ദേങ്ങളാണ് അദ്ദേഹം നൽകിയത്. |
| 19 | (4) ആരാണ് സഭാ പ്രബോധകർ? | പുതിയ നിയമജനതയായ സഭാസമൂഹത്തിന് മാർഗനിർദ്ദേശങ്ങൾ നൽകുന്നവരാണ് സഭാപ്രബോധകർ. |
| 20 | ആദിമനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന സഭാപ്രബോധകരിൽ പ്രധാനികളും വിശുദ്ധരും വിജ്ഞാനികളുമായവർ? | സഭാപിതാക്കന്മാർ |
| 21 | (5) സഭാപിതാക്കന്മാരിൽ പ്രധാനപ്പെട്ടവർ? | ഇരണേവൂസ്, സിപ്രിയാൻ, അംബ്രോസ്, അഗസ്റ്റിൻ, ബേസിൽ, അത്തനേഷ്യസ്, അപ്രേം, ജറോം, ജോൺ ക്രിസോസ്തോം തുടങ്ങിയവരാണ് |
| 22 | ആധുനിക കാലത്ത് സഭാതനയരെ വിശ്വാസത്തിൽ ഉറപ്പിക്കാനും സംശയങ്ങൾ അകറ്റാനും സഹായിക്കുന്ന തിരുവെഴുത്തുകൾ പുറപ്പെടുവിക്കുന്നത് ആരാണ്? | മാർപാപ്പമാർ |
| 23 | എപ്പോഴാണ് നാം സഭാമക്കളായി വളരുന്നത്? | ഈശോയുടെ കല്പനയനുസരിച്ച് ജീവിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ ശരിയായി മനസ്സിലാക്കി, അവ പാലിച്ചു ജീവിക്കുമ്പോഴാണ് നാം സഭാമക്കളായി വളരുന്നത്. |